**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2291** **30-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി കാനത്തിൽ ജമീല** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആകെ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരോ ഭൂരഹിത ഭവനരഹിതരോ ആയി ഉണ്ടെന്ന് കണക്കാക്കാനായി സർവ്വേ നടത്തിയിരുന്നോ; വിശദാംശം നൽകുമോ; | (എ) | ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും, 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിതരും ഭവനരഹിതരുമായിരുന്നു. |
| (ബി) | സമുദ്ര തീരത്ത് വേലിയേറ്റ പരിധിയിൽ നിന്നു അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പുനർഗേഹം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (ബി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനായി അംഗീകരിച്ച പദ്ധതിയാണ് പുനർഗേഹം. പദ്ധതി അടങ്കൽ 2450 കോടി രൂപയാണ്. ഇതിൽ 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയ്ക്ക് അന്തിമ അംഗീകാരം നൽകുന്നത് ജില്ലാകളക്ടർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റിയാണ്. ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമി ഭവന നിർമ്മാണത്തിന് അനുയോജ്യമാണെന്ന് പരിശോധിച്ച് ഭൂമിയുടെ വില കമ്പോള വിലയുമായി താരതമ്യം ചെയ്ത് ആ പ്രദേശത്തെ മാർക്കറ്റ് വിലയെക്കാൾ അധികരിച്ചിട്ടില്ലെന്ന് IDT ഉറപ്പ് വരുത്തി DLMC അംഗീകാരത്തോടെയാണ് ധനസഹായം അനുവദിക്കുന്നത്. |
| (സി) | പുനർഗേഹം പദ്ധതി പ്രകാരം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; | (സി) | 18685 കുടുംബങ്ങളെയാണ് പുനർഗേഹം പദ്ധതിപ്രകാരം പുനരധിവസിപ്പിക്കേണ്ടത്. 10307 |

| | | | |
|---|---|---|---|
| | ഇനി എത്ര കുടുംബങ്ങളെ കൂടി പുനരധിവസിപ്പിക്കേണ്ടതുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്; വിശദമാക്കാമോ? | | ഗുണഭോക്താക്കളെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും 7697 പേർ മാറി താമസിക്കുവാൻ സമ്മതം അറിയിക്കുകയും അതിൽ 1596 പേർ ഭൂമി രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ശേഷിക്കുന്നവരെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ